cannot categorically say that nobody will be taken from outside the Government service. Government will take decision according to necessity.

(d) The staff now working in the Translation Wing of the Law Department are not posted in that section on a permanent basis. There is occasional change in the staff of the Translation Section also as in other sections of the Law Department. There are persons now working in the Law Department who have experience in the Translation Section. Therefore the question of giving preference to the staff now working in the Translation Section alone does not arise.

(e) Decision will be taken according to necessity.

II. ADJOURNMENT MOTION

(i) Lathi Charge on Youth Congress Workers at Kozhikode Collectorate

മി. സ്പീക്കർ : കോഴിക്കോട് കളക്ടറേറ്റ് പിക്കറ്റ് ചെയ്ത യുത്ത് കോൺഗ്രസ് പ്രവർത്തകരുടെ മേൽ പോലീസ് ലാത്തിച്ചാർജ് ചെയ്യുകയും ടിയർഗ്യാസ് പ്രയോഗിക്കുകയും ചെയ്തതിനെത്തുടർന്ന് 9A.M. ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ചചെയ്യാൻ സഭാ നടപടികൾ നിറുത്തിവെയ്ക്കാൻ ശ്രീ. കെ. കരുണാകരൻ, ശ്രീ. കെ. ടി. ജോർജ്ജ്, ശ്രീ. പി. പി. ജോർജ്ജ് എന്നിവർ അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ടോ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സർ, ഇതു് മുഖ്യമന്ത്രി വന്നതിനു ശേഷം മാത്രമേ മറുപടി പറയാൻ നിവൃത്തിയുള്ളൂ. എന്റെ കൈവശം അതിന്റെ വിവരങ്ങളൊന്നുമില്ല. അദ്ദേഹം വന്നതിനുശേഷം മറുപടി പറയും.

(ii) Clash between two sections of agricultural labourers at Karuvatta

മി. സ്പീക്കർ : കർഷകസംഘം തൊഴിലാളികളുടെ മേൽ കരുവാറ്റായിൽ നടന്ന സംഘട്ടനത്തെത്തുടർന്നു് ഉണ്ടായ ഗുരുതരാവസ്ഥ ചർച്ചചെയ്യുന്നതിനായി സഭാനടപടികൾ നിറുത്തിവെയ്ക്കണമെന്നു് ശ്രീ. കെ. എം. ജോജ്ജ്, ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ, ഡോക്ടർ ജോർജ്ജ് തോമസ്, ശ്രീ. എ. വി. ആര്യൻ ഇവരെല്ലാം ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ അടിയന്തിര പ്രമേയങ്ങളെപ്പറ്റിയും മുഖ്യമന്ത്രി വന്നതിനുശേഷമേ പറയാൻ നിവൃത്തിയുള്ളോ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : മുഖ്യമന്ത്രി വന്നതിനുശേഷം അദ്ദേഹം മറുപടി പറയും.

ശ്രീ. കെ. കരുണാകരൻ : ഇന്നലെ ഈ സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും നടന്ന സംഭവങ്ങൾ ജനങ്ങളെയാകെ ഞെട്ടിപ്പിക്കത്തക്കനിലയിലുള്ളതാണു്. വടകരയിലും, കരുവാറ്റായിലും, തൃശ്ശൂരിലും എല്ലാം നടന്ന സംഭവങ്ങൾ ഇന്നത്തെ എല്ലാ പത്രങ്ങളിലും ഉണ്ടു്. കായംകുളത്തിനടുത്തു് കുറെ വീടുകൾ തീവച്ചു നശിപ്പിക്കുകയും മറ്റും ചെയ്തതും ഇതിലുൾപ്പെടുന്നു. ഇതുപോലെ ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ നിയമവാഴ്ചയുള്ള ഒരു സ്റ്റേറ്റിലും സംഭവിക്കാൻ പാടില്ലാത്തതാണു്. ഇതിനെല്ലാം ഒരു പരിഹാരം കാണണമെന്ന ആവശ്യപ്പെടുന്ന ഒരു അടിയന്തിരപ്രമേയം ഇവിടെഅവതരിപ്പിച്ച അവസരത്തിൽ അതിനു് മറുപടി പറയാൻപോലും ഉത്തരവാദപ്പെട്ടവരെ

LIBRARY ARCHIVES Kerala Legislative Assembly

ചുമതലപ്പെട്ടത്താതെ മുഖ്യമന്ത്രി സഭയിൽ ഹാജരാകാതിരുന്നതു് തികച്ചും സംസ്ഥാനത്തെ പ്രശ്നങ്ങളെ അവഗണിക്കുന്ന ഒരു നിലപാടാണു്. യാതൊരു തരത്തിലും ഇതു് നാളെത്തേയ്ക്കു മാറ്റാൻ നിവൃത്തിയില്ല. അങ്ങു് അതിനു് അനുവദിക്കരുതു്.

ശ്രീ. കെ. എം. ജോർജ്ജു് : സർ, കരുവാറ്റായിൽ നടന്ന സംഭവത്തിൽ പന്ത്രണ്ടോളം ആളുകൾക്കു് പരിക്കുപറ്റിയിട്ടുണ്ടു്. ഇതിൽ മാർക്കു്സിസ്റ്റുകാരും മിർക്കു്സിസ്റ്റുകാർഅല്ലാത്തവരും ഉണ്ടു്. അവിടെ ഇപ്പോഴും ഗുരുതരമായ സംഘർഷാവസ്ഥ നിലനിൽക്കുകയാണു്. എന്നിട്ടും യാതൊരു തരത്തിലുള്ള നിയമസമാധാന പാലനത്തിനുള്ള ഇടപാടുകളും ചെയ്തിട്ടില്ലെന്നാണു് അറിയുന്നതു്. ഇന്നലെ രാവിലെ നടന്നതും ഇന്നത്തെ പത്രങ്ങളിൽ വളരെ വിശദമായി റിപ്പോർട്ടു ചെയ്തിട്ടുള്ളതുമായ കാര്യത്തെക്കുറിച്ചു് അറിവു കിട്ടിയിട്ടില്ലെന്നു പറഞ്ഞതു് കഷ്ടമായിപ്പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് സുഖമില്ലാത്തതുകൊണ്ടാണു് നിയമസഭയിൽ വരാത്തതെങ്കിൽ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ ചാർജ്ജുവഹിക്കുന്ന, ഡെപ്യൂട്ടി മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീമതി കെ. ആർ. ഗൗരി ഇതിനു് ഉത്തരം പറഞ്ഞേതായിരുന്നു. യാതൊരു കാരണ വശാലും മാറ്റിവയ്ക്കാൻ പാടില്ല. സംസ്ഥാനത്തൊട്ടാകെ സംഘർഷാവസ്ഥയും അരാജകത്വവും നിലനിൽക്കുകയാണു്. അതുകൊണ്ടു് തീർച്ചയായും അങ്ങു് ഇതു ചർച്ച ചെയ്യാൻ അനുവദിക്കണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : സർ, കരുവാറ്റായിലും കായംകുളത്തിനടുത്തു് മുതുകുളത്തും കോൺഗ്രസ്സുകാരുടെ നേതൃത്വത്തിൽ കർഷകസംഘം പ്രവർത്തകർ സംഘംചേർന്നു് നടത്തിയിട്ടുള്ള ആക്രമണങ്ങളുടെ ഫലമായാണു് ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുള്ളതു്.

ശ്രീ. കെ. എം. ജോർജ്ജു് : സർ, പോയിന്റു് ഓഫ് ഓർഡർ.

ശ്രീ കെ. കരുണാകരൻ : സർ, ഇത്തരം പ്രസ്താവനകൾ ചെയ്യാൻ അനുവദിക്കാൻ പാടില്ല.

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ഇതിന്റെ വിശദമായ കാര്യങ്ങളിലേയ്ക്കു് നാം പോകേണ്ടതില്ല. ആരു് എന്തു ചെയ്തു എന്നുള്ളതിനെസംബന്ധിച്ചിടത്തോളമെല്ലാംആരെയും കുറ്റപ്പെടുത്തുന്നരീതിയിൽ ആരും തന്നെ ഒന്നും പറയാൻ പാടില്ല.

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സർ, പേപ്പറിൽ വന്ന എന്നുള്ളതുകൊണ്ടുമാത്രം ഉത്തരവാദപ്പെട്ട ഈ സഭയിൽ പ്രസ്താവിക്കാൻ നിവൃത്തിയില്ല. ഇന്നു നിയമസഭയിൽ വന്നതിനുശേഷമാണു് എനിക്കു് വിവരം കിട്ടുന്നതു്. അതുകൊണ്ടു് വിശദമായ വിവരങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാലാണു് മുഖ്യമന്ത്രി വന്നതിനുശേഷം പറയാമെന്നു് ഞാൻ പറഞ്ഞതു്, പത്രത്തിൽവന്ന അതുകൊണ്ടു് ഞാൻ മറുപടി പറയണം എന്നൊന്നും പറഞ്ഞാൽ നടക്കുന്ന കാര്യമല്ല. നാളെ അദ്ദേഹം സഭയിൽ അതിനെപ്പറ്റിയുള്ള വിവരങ്ങൾ പറയും.

ശ്രീ. കെ. കരുണാകരൻ : മുഖ്യമന്ത്രിക്കു് എല്ലാവിവരങ്ങളും ഇന്നലെ രാത്രിതന്നെ കിട്ടിയിട്ടുണ്ടു്. ഇതുപോലെയും ഗൗരവമായ പരിതസ്ഥിതിയിൽ ഗവണ്മെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചു് ഞാൻ വാക്കൗട്ടു് നടത്തുകയാണു്.

[Shri K. Karunakaran followed by members of the Congrees party walked out of the House.]

ശ്രീ. കെ. എം. ജോർജ്ജു് : ഇന്നലെ രാവിലെ 10 മണിക്കു് കരുവാറ്റായിൽ ഉണ്ടായ സംഭവമാണു്. അതിന്റെ വിവരം ഇതുവരെയും കിട്ടിയിട്ടില്ലെന്നു പറഞ്ഞാൽ അതു് ആക്ഷേപാർഹമാണു്. എല്ലാ പത്രങ്ങളിലും വിശദമായ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. തീർച്ചയായും ഇതിനെസംബന്ധിച്ച് ചർച്ചചെയ്യാൻ അങ്ങ് അനുവദിക്കണം. അങ്ങ് അതിനു് അനുവദിക്കാത്തപക്ഷം ഞങ്ങൾ വാക്കൗട്ട് നടത്തും.

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ചിടത്തോളമുള്ള പ്രസക്തമായ വിവരങ്ങളെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണുള്ളതു്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ചർച്ച നടത്തുന്നതിനെപ്പറ്റി ആലോചിക്കുക എന്നുള്ളതു് തീർച്ചയായും ശരിയായിരിക്കുകയില്ല. മറ്റൊരു ബഹുമാനപ്പെട്ട മന്ത്രിക്കും ഇതിനെ സംബന്ധിച്ചു പറയാൻ നിവൃത്തിയില്ലാത്ത സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെ സംബന്ധിച്ചു് നാളെ പറയുമെന്നാണു് പറയുന്നതു്.

I am holding over this adjournment motion so that the Chief Minister can make a statement tomorrow.

ശ്രീ. കെ. എം. ജോർജ്ജ് : അങ്ങ് ഇതു് നാളത്തേയ്ക്കു് മാറ്റിവെച്ച എന്നുള്ളതിനെപ്പറ്റി ഒന്നും പറയാനില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹാജരാകാത്തതുകൊണ്ടു് തൊട്ടടുത്ത മന്ത്രിയെ ഏൽപ്പിച്ചിട്ടില്ല എന്നൊന്നും വിശ്വസിക്കാൻ നിവൃത്തിയില്ല. ഇതു് ഈ സഭയോടുള്ള അങ്ങേയറ്റത്തെ അവഗണനയാണു്. ഇതിൽ പ്രതിഷേധിച്ചു് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(Shri K. M. George followed by the members of the Kerala Congress Party walked out of the House)

ശ്രീ. എ. വി. ആര്യൻ : സർ, ഇന്നലെ രാവിലെ സമാധാനപരമായി ജോലി ചെയ്തുകൊണ്ടിരുന്ന കർഷകത്തൊഴിലാളികളുടെമേൽ മുതുകുളം കരുവാറ്റ എന്നീ പ്രദേശങ്ങളിലെ കുറെ കോൺഗ്രസ്സുകാർ ചേർന്നു് ആക്രമിച്ചതിനെതിരായി അടിയന്തിരമായ നടപടികളെടുക്കുന്നതിനു് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. കർഷകത്തൊഴിലാളികളെ പല വിധത്തിലും കോൺഗ്രസ്സുകാർ ദേഹോപദ്രവം ചെയ്തതിനുശേഷം പോലീസുസ്റ്റേഷനിൽ വിളിച്ചുകൊണ്ടുപോയി ലാത്തികൊണ്ടു് മർദ്ദിച്ചതായും വിവരം ലഭിച്ചിട്ടുണ്ട്. പോലീസു പക്ഷപാതപരമായി പെരുമാറി എന്നാണു് ആക്ഷേപമുള്ളതു്. ഇതിനെസംബന്ധിച്ചു് കാര്യമായി ഗവണ്മെന്റ് നടപടി നടത്തണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അതു് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണം.

(iii) Strike by members of Kerala Govt. Nurses Association.

മി. സ്പീക്കർ : കേരളത്തിലെ ഗവണ്മെന്റു് ആശുപത്രികളിലെ രണ്ടായിരത്തിൽപരം നേഴ്സുകൾ പേക്കമ്മീഷൻ റിപ്പോർട്ടിൽ പ്രതിഷേധിച്ചു് പണിമുടക്കിയിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനായി ശ്രീ. ടി. എ. മജീദു് ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസു് നൽകിയിട്ടുണ്ടു്. അതിനെപ്പറ്റി ബഹു: മന്ത്രിക്കു് എന്താണു പറയാനുള്ളതു് ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) : സർ, ഞാൻ നാളെ ഇതിനെപ്പറ്റി പറയാം.

(iv) Closure of toddy shops in Wadakkancherry

മി. സ്പീക്കർ : വടക്കാഞ്ചേരി ചാവക്കാടു് പ്രദേശങ്ങളിലെ കള്ളഷാപ്പുകളും പൂട്ടിയിരിക്കുന്നതുമൂലം മൂവായിരത്തോളം തൊഴിലാളികൾക്കു് ജോലി നഷ്ടപ്പെട്ടതിനെസംബന്ധിച്ചു് ശ്രീ. ദേവസ്സിക്കുട്ടി ഒരു നോട്ടീസു് നൽകിയിട്ടുണ്ടു്.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : വടക്കാഞ്ചേരി, തൃശ്ശൂർ, ചേർപ്പു്, മാള എന്നീ റേഞ്ചുകളിലുള്ള കള്ളഷാപ്പുകളും നടത്തിവന്നിരുന്ന കോൺട്രാക്ടർമാർ കഴിഞ്ഞ 1-ാം തീയതി മുതൽ ഷാപ്പുകളും നടത്തുന്നില്ലെന്നു പറഞ്ഞുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly